പട്ടികവർഗ്ഗ വികസന വകുപ്പ്:

വർഷം	വിനിയോഗം (ശതമാനത്തിൽ)
2006-07	91.43
2007-08	91.42
2008-09	89.56
2009-10	92.13

(സി) എസ്സി., എസ്ടി. കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) 8, 9, 10, 11, 12 ക്ലാസ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ട്യൂട്ടോറിയലിൽ ചേർത്ത് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി 2008 മുതൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സർവ്വേ

115 (1078) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സർവ്വേ എന്നാണ് അവസാനമായി നടത്തിയത് ; സാധാരണ ഗതിയിൽ സർവ്വേ നടത്താറുള്ള കാലയളവ് വ്യക്തമാക്കുമോ ;

(ബി) സർവ്വേ നടക്കാത്തതുമൂലം അർഹതപ്പെട്ട ആനുകൂല്യങ്ങൾ പിന്നോക്ക വിഭാഗങ്ങൾക്ക് നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർവ്വേ നടത്തുന്നതിലേക്ക് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര ആസൂത്രണ കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) 1993-ലെ കേരള പിന്നോക്ക സമുദായ കമ്മീഷൻ നിയമത്തിലെ 11(1) വകുപ്പുപ്രകാരം നിയമം നിലവിൽ വന്ന 10 വർഷത്തിന് ശേഷവും അതിന് ശേഷം എല്ലാ 10 വർഷത്തിലൊരിക്കലും നിലവിലുള്ള പിന്നോക്കവിഭാഗങ്ങളുടെ ലിസ്റ്റ് പുനഃപരിശോധിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. 1993-ൽ തന്നെ ഒരു സർവ്വേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ പിന്നോക്ക വിഭാഗ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത്തരമൊരു സർവ്വേ നടത്തുകയുണ്ടായില്ല. ഇതിനായി 20-2-1995-ൽ 81/95 ആയി സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും 13-12-1995-ന് സർവ്വേ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. സർവ്വേ നടത്തുന്നതിനായി തയ്യാറാക്കിയ ചോദ്യാവലിയിൽ വന്ന തർക്കങ്ങളെത്തുടർന്ന് ഒടുവിൽ 15-9-1998-ൽ സർവ്വേ ഉപേക്ഷിക്കുകയും ചെയ്തു.

(സി) നിയമം അനുശാസിക്കുന്ന രീതിയിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും 13-4-2007-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനെയാണ് സർവ്വേ നടത്തുന്നതിലേക്കായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 10.9 കോടി രൂപയാണ് സർവ്വേയ്ക്കാവശ്യമായ ചെലവ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ തുക അനുവദിച്ച് കിട്ടുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര പ്ലാനിംഗ് കമ്മീഷനോട് 19-6-2009-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഇക്കാര്യം 2010-11 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ നിർദ്ദേശമായി സമർപ്പിച്ച് ചർച്ച നടത്താൻ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ 15-7-2009-ന് നിർദ്ദേശിക്കുകയാണ് ഉണ്ടായത്.

മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

116 (1078) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കുതാഴെ വരുമാനമുള്ളവരുടെ ഉന്നമനം ലക്ഷ്യമിട്ട് ഓരോ വർഷവും ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) അവർക്കുവേണ്ടി പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും ഇതിനായി ദേശീയ പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ എന്ത് തുക വീതം നൽകിയെന്നും, ഓരോ വർഷവും ഏറ്റവും ദരിദ്രർക്കുവേണ്ടി കോർപ്പറേഷൻ നടപ്പാക്കിയ പദ്ധതികൾക്ക് ചെലവായ തുക എത്രയെന്നും, എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചുവെന്നും വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ : അവയുടെ കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly